## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - ഇടുക്കി ജില്ല - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2009-10 – ഖണ്ഡിക 3-8 – ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.28/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 02/01/2014

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 16/04/2013-ലെ എം3-10227/13 നമ്പർ കത്തും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012-ലെ 1(2) -ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്തിന്റെ 27/09/2012-ലെ V(4)-ാം നമ്പർ തീരുമാനവും.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11/10/2013-ലെ L.F PT2/9288/2013 നമ്പർ കത്ത്.

### ഉത്തരവ്

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുകയിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്തതും ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് ചെലവഴിച്ച 2,57,400/- രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ 07/09/2012-ലെ V(4)-ാം നമ്പർ തീരുമാനത്തിന്റെയും 11/12/2012-ലെ ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ 1(2)-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ 2008 നവംബർ മാസം മാത്രമാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തിയത് എന്നതിനാലും, ബ്ലോക്ക് പഞ്ചായത്ത് മരുന്ന് വാങ്ങുന്നതിനായി തുക വിലയിരുത്തിയിരുന്നില്ല എന്നതിനാലും, പിന്നോക്ക പ്രദേശത്തിലെ സാധാരണക്കാർക്ക് ആതുര ശുശ്രൂഷ ലഭിക്കാതെ വന്നതിനാലും, മുൻവർഷം വരെ പ്രൈമറി ഹെൽത്ത് സെന്റർ ആയിരുന്നതിനാലുമാണ് പദ്ധതിപ്പണം അധികാര പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിനായി ചെലവഴിക്കാനിടയായതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുകയിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്തതും ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനവുമായ CHC-യ്ക്ക് മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 2,57,400/- രൂപ (രണ്ട് ലക്ഷത്തി അമ്പത്തിയേഴായിരത്തി നാനൂറ് രൂപ മാത്രം) ചെലവഴിച്ച കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ കേരള മിഷൻ, T.V.P.M
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ